150 YEARS OF CELEBRATING THE MAHATMA

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കാര്യാലയം
വഞ്ചിയൂർ, തിരുവനന്തപുരം,
regig@kerala.nic.in
www.keralaregistration.gov.in
ഫോൺ : 0471-2472118/2472110/2474782
ഫാക്സ് : 0471-2462608
തീയതി : 11/06/2019

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ,
തിരുവനന്തപുരം.

എല്ലാ മേഖലാ ഡി.ഐ.ജി./ജില്ലാ രജിസ്ട്രാർ(ജ/ഓ)മാർക്കും.

സർ,

വിഷയം:- രജിസ്ട്രേഷൻ വകുപ്പ്- സ്പെഷ്യൽമാര്യേജ് ആക്ട് 1954-വിദേശ പൗരന്മാരുമായുള്ള വിവാഹം -നിർദ്ദേശങ്ങൾ നൽകുന്നത്- സംബന്ധിച്ച്.

സൂചന :- 1. ബഹു. ഹൈക്കോടതി രജിസ്ട്രാറുടെ 2.8.2018 ലെWP(C)22941/2018P നമ്പർ കത്ത്

2. ബഹു. അഡ്വക്കേറ്റ് ജനറലിന്റെ 30.1.2019 തീയതിയിലെ Z3-WPC 249/19 നമ്പർ കത്ത്.

സൂചന വിധിന്യായങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. സൂചനയിൽ പരാമർശിച്ചിട്ടുള്ള WPC ~~40377/17~~ 22941/18 ,WPC 249/19 നമ്പർ കേസുകളിന്മേൽ ബഹു. ഹൈക്കോടതി നൽകിയ വിധി വിദേശ പൗരൻമാർ ഉൾപ്പെട്ട സ്പെഷ്യൽമാര്യേജ് സംബന്ധിച്ചുള്ളതാണ്.ടി വിഷയത്തിൽ 17.11.2017 തീയതിയിൽ ഈ ഫയലിൽ നിന്നും ആർ.ആർ.6-10851/2017 നമ്പരായി സർക്കുലർ നൽകിയിട്ടുള്ളതാണ്. എന്നാൽ ടി സർക്കുലർ പാലിക്കാതെ വിവാഹരജിസ്ട്രേഷൻ നിഷേധിക്കുന്നതിനാൽ തുടർച്ചയായി വീണ്ടും കേസുകൾ ഉണ്ടാകുന്നതായി കാണുന്നു.രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 8.8.2014 തീയതിയിലെ ആർ .ആർ.3-25537/2000 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് നിലവിലും വിദേശീയർ ഉൾപ്പെടുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൽ വിസമ്മതിക്കുന്നതെന്ന് ബോധ്യപ്പെടുന്നു.

ബഹു. ഹൈക്കോടതിയുടെ WPC 249/19 നമ്പർ കേസിലെ വിധിന്യായത്തിൽ വിദേശീയരും ഇന്ത്യൻ പൗരരും തമ്മിലുള്ള വിവാഹത്തിന് സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം തടസ്സങ്ങളില്ലെന്നും മേൽപ്രകാരം നിർദ്ദേശം നൽകുന്ന വകുപ്പിന്റെ ഏതെങ്കിലും സർക്കുലറുകൾ ഉണ്ടെങ്കിൽ ആയത് നിലനിൽക്കുന്നതല്ലെന്നും വീണ്ടും വിധിച്ചിട്ടുള്ളതാണ്. ആയതിനാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 8.8.2014 തീയതിയിലെ ആർ.ആർ.3-25537/2000 നമ്പർ സർക്കുലറിന് ടി കോടതിവിധിപ്രകാരം സാധുതയില്ലാത്തതും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 17.11.2017 തീയതിയിലെ ആർ.ആർ.6-10851/2017 നമ്പർ സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതുമാണ് . ടി നിർദ്ദേശം പാലിക്കാത്ത സബ് രജിസ്ട്രാർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

Signature valid
Digitally signed by R K SAJANKUMAR
Date: 2019.06.11 18:11:26 IST
Reason: Approved

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനുവേണ്ടി

www.eaadharam.in